## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2349

14.06.2019 ൽ മറുപടിക്ക്

### വാണിജ്യ വ്യവസായ വികസനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രൊമോഷന്റെ റാങ്കിംഗിന് അനുസൃതമായി സംസ്ഥാനത്ത് വാണിജ്യ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംങ്ങിൽ മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തുന്നതിനായി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായും അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിലേയ്ക്കുമായി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽ വന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുമുണ്ട്.<br><br>"ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് -2018" നടപ്പിലാക്കിയ ശേഷം കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), വൈദ്യുതി |

| | | | |
|---|---|---|---|
| | | | കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാനാകും എന്നതാണ് വ്യവസായ രംഗത്ത് വന്നിട്ടുള്ള പ്രധാനമാറ്റങ്ങൾ. 'ഡീംഡ് ലൈസൻസ്' സിസ്റ്റവും നിലവിൽ വന്നു.<br><br>സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.<br><br>സമയബന്ധിതമായി ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാകുന്ന കാര്യം പരിശോധിക്കാനായി സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും കേരള ഇൻവെസ്റ്റ്മെൻറ് പ്രോമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ